## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1729 — 04/10/2016-ൽ മറുപടിക്ക്

## കോട്ടോപ്പാടം ആസ്ഥാനമാക്കി പുതിയ വൈദ്യുതി സെക്ഷൻ രൂപീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എൻ.ഷംസുദ്ദീൻ | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | മണ്ണാർക്കാട് മണ്ഡലത്തിലെ കോട്ടോപ്പാടം ആസ്ഥാനമാക്കി പുതിയ വൈദ്യുതി സെക്ഷൻ രൂപീകരിക്കുവാനുള്ള നടപടികൾ വിശദീകരിക്കുമോ; | (എ) & (ബി) | അലനല്ലൂർ സെക്ഷൻ വിഭജിച്ചും കുമാരംപുത്തൂർ സെക്ഷനിലെ കുറച്ച് ഉപഭോക്താക്കളെ കൂടി ഉൾപ്പെടുത്തിയും കോട്ടോപ്പാടം ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നു. 111 ചതുരശ്ര കി.മി വിസ്തൃതിയുള്ള അലനല്ലൂർ സെക്ഷന്റെ കീഴിൽ 24757 ഉപഭോക്താക്കളും 72 ചതുരശ്ര കി.മി വിസ്തൃതിയുള്ള കുമാരംപുത്തൂർ സെക്ഷന്റെ കീഴിൽ 18818 ഉപഭോക്താക്കളുമാണ് ഉള്ളത്. പുതിയ സെക്ഷൻ രൂപീകരണം ബോർഡിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നതിനാൽ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കി പുതിയ ഓഫീസുകളുടെ രൂപീകരണം കഴിയുന്നതും ഒഴിവാക്കാനാണ് ബോർഡ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. |
| (ബി) | പ്രസ്തുത ഫയലിൽ തീരുമാനം എടുക്കുവാനുള്ള കാലതാമസം എന്താണ് എന്നും വ്യക്തമാക്കുമോ; | | |

സെക്ഷൻ ഓഫീസർ